പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.5085

23-03-2018 ലെ
മറുപടി

## പാലക്കാട് ജില്ലയിൽ വരൾച്ചയെ പ്രതിരോധിക്കാൻ മുന്നൊരുക്കങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഷാഫി പറമ്പിൽ | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| | പാലക്കാട് ജില്ലയിൽ മഴക്കുറവ് കാരണം ഈ വർഷവും വരൾച്ച രൂക്ഷമാകുമെന്ന സാഹചര്യത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുമായി എന്തെല്ലാം മുന്നൊരുക്ക പ്രവർത്തനങ്ങളാണ് പ്രസ്തുത ജില്ലയിൽ നടത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | **കേരള ജല അതോറിറ്റി**<br>പാലക്കാട് ജില്ലയിൽ മഴക്കുറവ് കാരണം കുടിവെള്ളക്ഷാമം പരിഹരിക്കാനായി നിലവിലെ പദ്ധതികൾ വഴി കാര്യക്ഷമമായി എല്ലായിടത്തും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നു. പ്രധാന ജലസ്രോതസ്സുകളിൽ നിന്ന് പമ്പിംഗിന് ആവശ്യമായ വെള്ളം കിട്ടുമെന്ന് ഇറിഗേഷൻ അധികൃതരുമായി ബന്ധപ്പെട്ട് ഉറപ്പു വരുത്തിയിട്ടുണ്ട്. നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ മാറ്റി സ്ഥാപിച്ചും വേനൽക്കാലത്ത് ആവശ്യമായ കരുതൽ ശേഖരം ഉറപ്പാക്കിയിട്ടുണ്ട്. പമ്പിംഗിന് ആവശ്യമായ മോട്ടോറുകൾ സ്ഥാപിക്കൽ, കേടുപാടുകൾ തീർക്കൽ, കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, പൈപ്പ് ലൈൻ നീട്ടൽ, പുതിയ ബോർവെൽ കുഴിക്കൽ, ടാങ്കർലോറി വഴി വിതരണം ചെയ്യുന്നതിനുള്ള വെള്ളം നൽകൽ എന്നിവയ്ക്ക് പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡെപ്പോസിറ്റ് ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗിച്ചുള്ള പ്രവൃത്തികളും നടപ്പാക്കി വരുന്നു. ചിറ്റൂർ മേഖലയിലും മലമ്പുഴ ആദിവാസി കോളനിയിലും നിലവിലുള്ള വാട്ടർ കിയോസ്കുകളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്.<br>**ജലസേചന വകുപ്പ്**<br>വരുന്ന വേനൽക്കാല മാസങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ച നേരിടുന്നതിനായും ജലവിതരണം ലഭ്യമാക്കുന്നതിനായും പാലക്കാട് ജില്ലയിലെ ജലസേചന വകുപ്പിൻ കീഴിലെ എല്ലാ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി പ്രധാന തോടുകളുടെ സംരക്ഷണഭിത്തി കെട്ടി ചെളിയും പായലും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നടത്തി വരുന്നുണ്ട്. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഭരണാനുമതി ലഭിച്ച 79 കുളങ്ങൾ നവീകരിച്ച് ആ പ്രദേശത്ത് ഭൂജലനിരപ്പ് ഉയർത്തുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിൽ |

ജലദൗർലഭ്യം രൂക്ഷമായിട്ടുള്ള (മഴ നിഴൽ പ്രദേശം) ചിറ്റൂർ കൊല്ലംകോട് ബ്ലോക്കിൽ ഭരണാനുമതി നൽകിയ പദ്ധതികളായ 3 തടയണകളുടെ നിർമ്മാണം, ഒരു തടയണയുടെ പുനരുദ്ധാരണം, 2 വി.സി.ബി.കളുടെ നിർമ്മാണം, 20 കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. പദ്ധതി അറ്റകുറ്റ പണികളിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ തടയണകളുടെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെയും പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി ജലസംഭരണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പാലക്കാട് ജില്ലയിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ പാലത്തുള്ളി, വളവുപാലം എന്നിവിടങ്ങളിലും തൂതപ്പുഴയ്ക്ക് കുറുകെ കാലടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്ക് താഴെയും റെഗുലേറ്ററുകളുടെ നിർമ്മാണം കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഭവാനി ബേസിനിൽ ഉൾപ്പെട്ട അട്ടപ്പാടി മേഖലയിൽ ചെക്ക് ഡാമുകൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നിവ നടപ്പിലാക്കി വരുന്നു. ഒരു പഞ്ചായത്തിൽ ഒരു മാതൃകാ മാലിന്യമുക്ത ജലാശയം എന്ന രീതിയിൽ വൃത്തിയാക്കാനുള്ള തോടുകൾ, കുളങ്ങൾ എന്നിവ കണ്ടെത്തി നിർദ്ദേശിക്കുവാൻ പഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു. നീർച്ചാലുകളിലെ ഇടപെടലുകൾ വഴി കൂടുതൽ ജലം സംഭരിച്ച് ഓരോ പ്രദേശത്തെയും ജലവിതാനം ഉയർത്താനും കഴിയുന്നിടത്തോളം കുളങ്ങൾ ജലസംഭരണത്തിന് പ്രാപ്തമാക്കാനും ഉദ്ദേശിക്കുന്നു.

**<u>പദ്ധതി വിഭാഗം 1</u>**

പാലക്കാട് ജില്ലയിലുള്ള ജലസേചന പദ്ധതിയായ മലമ്പുഴ അണക്കെട്ടിൽ ഈ വർഷം രണ്ടാം വിളയ്ക്ക് മുമ്പ് സംഭരിച്ച ജലത്തിൽ 10 മി.മീ$^3$ ജലം വരൾച്ചാ നിവാരണത്തിനായി മാറ്റി വച്ചിട്ടുണ്ട്. ജല അതോറിറ്റി വഴിയുള്ള കുടിവെള്ള വിതരണത്തിനായി ജൂൺ അവസാനം വരെ ആവശ്യമായ 7.50 മി.മീ$^3$ ജലവും കരുതിവച്ചിട്ടുണ്ട്. ഈ വർഷം ജലവിതരണത്തിനായി പോത്തുണ്ടി അണക്കെട്ടിൽ സംഭരിച്ച ജലത്തിൽ വരൾച്ച നിവാരണത്തിനായി 1.0 മി.മീ$^3$ ജലവും കുടിവെള്ളാവശ്യത്തിന് ജല അതോറിറ്റിയ്ക്ക് നൽകുവാനായി 1.50 മി.മീ$^3$ ജലവും, മംഗലം അണക്കെട്ടിൽ സംഭരിച്ച ജലത്തിൽ വരൾച്ച നിവാരണത്തിനായി 1.00 മി.മീ$^3$ ജലവും മാറ്റിവച്ചിട്ടുണ്ട്.

ഫെബ്രുവരി 27 മുതൽ പറമ്പിക്കുളം ആളിയാർ കരാർ പ്രകാരം ലഭ്യമായ ജലം മൂലത്തറ വലതുകര കനാലിലൂടെ കോരയാറിലെ 5 ചെക്ക് ഡാമുകളിൽ നിറച്ചു. നിലവിലെ നിരക്കിൽ ആളിയാർ ജലം ലഭ്യമായാൽ മാർച്ച് 31 നകം ശേഷിച്ച തടയണകളിലും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ വലിയേരി, ചാമനേരി, മൂപ്പനേരി, താമരക്കുളം എന്നീ ഏരികളിൽ ജലം എത്തിക്കാൻ സാധിക്കും. ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതി നിലവിലുള്ള മീങ്കര ഡാമിൽ ജൂൺ അവസാനം വരെ ആവശ്യമുള്ള ജലം സംഭരിക്കുന്നതിനായി മാർച്ച് 11-ാം തീയതി മുതൽ 13 -ാം തീയതി

| | | | |
|---|---|---|---|
| | | | വരെ കമ്പാലത്തറ ഏരിയിൽ നിന്ന് ഇടതുകര കനാൽ വഴി ജലം വിട്ടു നൽകി. നിലവിൽ ജൂൺ അവസാനം വരെ കുടിവെള്ളാവശ്യത്തിനായുള്ള ജലം ഡാമിൽ സംഭരിച്ചിട്ടുണ്ട്.<br>കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഭാഗമായി 2018 ജനുവരി മുതൽ ഇടതുകര വലതുകര പ്രധാന കനാലുകളിലൂടെയും അനുബന്ധ വിതരണികളിലൂടെയും ജലവിതരണം നടത്തി വരുന്നു. കേരള ജല അതോറിറ്റിയുടെ ആവശ്യപ്രകാരം കുടിവെള്ളത്തിനും പുഴയിലൂടെയുള്ള നീരൊഴുക്കിനുമായി 4 മി.മീ$^3$ ജലം കരുതൽ ശേഖരമായി നിലനിർത്തിയിട്ടുണ്ട്.<br>**<u>ഭൂജലവകുപ്പ്</u>**<br>1006 ഹാൻഡ് പമ്പ് റിപ്പയർ ചെയ്യുന്നതിനും 97 കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.<br>**<u>ജലനിധി</u>**<br>ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി വരൾച്ചയെ പ്രതിരോധിക്കുന്നതിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു-മായി പാലക്കാട് ജില്ലയിൽ ലെക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിൽ കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കി. പറളി ഗ്രാമപഞ്ചായത്തിൽ കിണർ റീചാർജിംഗും, കുളം സംരക്ഷണ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. മങ്കര ഗ്രാമ പഞ്ചായത്തിൽ വെന്റഡ് ക്രോസ് ബാറുകളുടെ (VCB) നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**